# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 573

12.06.2012 ൽ മറുപടിക്ക്

## 2010- 2012 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്

**ചോദ്യം**

ശ്രീമതി കെ.എസ്. സലീഖ:

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(ബഹു: വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) 2010-11, 2011-12 എന്നീ വർഷങ്ങളിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു; എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചു; ഏറ്റവും ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനം ഏതായിരുന്നു; ഏറ്റവും നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനം ഏതായിരുന്നു എന്നീ വിവരങ്ങൾ താരതമ്യം ചെയ്ത് വിശദാംശം ലഭ്യമാക്കുമോ;

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 36 പൊതുഖേലാ സ്ഥാപനങ്ങളെ അവലോകനം നടത്തിയതിൽ 2010-11 ലെ കമ്പനികൾ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 19 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 17 സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിച്ചത്.
2011-12 സാമ്പത്തിക വർഷത്തിൽ 16 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയും, 20 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുകയുമുണ്ടായി.
2010-11, 2011-12 എന്നീ വർഷങ്ങളിൽ ഏറ്റവും അധികം ലാഭത്തിലും ഏറ്റവും അധികം നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Year | Proft making units | Profit (Rs.in lakhs) |
|---|---|---|
| 2010-11 | The Kerala Minerals and Metals Ltd | 6259.17 |
| 2011-12 | The Kerala Minerals and Metals Ltd | 15009.59 |
| **Year** | **Loss making units** | **Loss (Rs.in lakhs)** |
| 2010-11 | United Electrical Industries Ltd | -677.46 |
| 2011-12 | Kerala State Textile Corporation Ltd | -2202.61 |

(ബി) പ്രസ്തുത വർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് എത്ര കോടി രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) 36 പൊതുഖേലാ സ്ഥാപനങ്ങളെ അവലോകനം നടത്തിയതിൽ 2010-11 സാമ്പത്തിക വർഷം 2519.58 കോടി രൂപയും, 2011-12 സാമ്പത്തിക വർഷം 2695.65 കോടി രൂപയുമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച വിറ്റുവരവ്.

| | |
|---|---|
| (സി) ഈ വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളുടെ മൊത്തം ലാഭം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | (സി 2010-11 ൽ 183.06 കോടി രൂപയും 2011-12 ൽ 241.63 കോടി രൂപയുമാണ് മൊത്തം ലാഭം. |
| (ഡി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

Reene

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചു വരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ്പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System), മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കൃത്യമായ വരവ് ചെലവ് കണക്കുകൾ അടിസ്ഥാനമാക്കുന്നതിനും ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും വേണ്ടി കേന്ദ്രപൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU- സംവിധാനം 2012-13 ൽ നടപ്പിൽ വരുത്തുന്നതാണ്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമതയും ഉറപ്പുവരുത്താൻ പ്രവർത്തന അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം 2012-13 ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളോട് ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

Reene

സെക്ഷൻ ഓഫീസർ

## അനുബന്ധം

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 60 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചു വരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ്പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System), മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

കൃത്യമായ വരവ് ചെലവ് കണക്കുകൾ അടിസ്ഥാനമാക്കുന്നതിനും ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും വേണ്ടി കേന്ദ്ര പൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU- സംവിധാനം നടപ്പിൽ വരുത്തുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സംവിധാനം 2012-13 ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (EPR) നടപ്പിലാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളോട് ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളലുൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

Reena

സെക്ഷൻ ഓഫീസർ